<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: എം അഞ്ജന IAS)

ഉത്തരവ് നം. SJD/3858/2021-C1

തിരുവനന്തപുരം,
തീയതി. 18/03/2022

---

വിഷയം: സാ.നീ.വ-പ്രൊബേഷൻ & ആഫ്റ്റർ കെയർ -നേർവഴി 2021-22 Probation of Offenders Act 1958 - Awareness programme to Judicial Officers- സംഘടിപ്പിക്കുന്നതിനു തുക അനുവദിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1) സ.ഉ (സാധാ )നം .548/21/സാ.നീ.വ തീയതി :05/08/21
2)കെൽസ മെംബർ സെക്രട്ടറിയുടെ 10/03/22 കത്ത്

സാമൂഹ്യ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രധാന സാമൂഹ്യ പ്രതിരോധ നിയമമായ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് 1958 കാര്യക്ഷമമായും ആധുനികവൽക്കരിച്ചും നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള നേർവഴി പദ്ധതിയുടെ ഭാഗമായി സാ .നീ വകുപ്പ് വിവിധ പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും നടത്തിവരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം നേർവഴി പദ്ധതി തുടരുന്നതിനും ആയതിലേക്ക് ഫണ്ട് അനുവദിച്ചും പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൽ പ്രോബേഷൻ നിയമം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തുള്ള ജുഡീഷ്യൽ ഓഫീസർമാർക്ക് ഒരു അവയർനസ് പ്രോഗ്രാം DLSA മുഖേന സംഘടിപ്പിക്കുന്നതിന് കമ്പോണന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാം ജില്ലാതലത്തിൽ ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് കെൽസ എക്സിക്യൂട്ടീവ് ചെയർമാൻ അനുമതി നൽകിയിട്ടുള്ളതായും ഇത് സംബന്ധിച്ച് DLSA യ്ക്ക് നിർദേശം നൽകിയിട്ടുള്ളതായും പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്. ജുഡീഷ്യറിയുടെ സഹകരണത്തോടെയും പിന്തുണയോടെയും ടി നിയമം സംസ്ഥാനത്ത് സമഗ്രമായും ശക്തമായും നടപ്പിലാക്കുന്നതിന് ഇത്തരം അവയർനസ് പരിപാടികൾ സഹായകരമാകും.

മേൽ സാഹചര്യത്തിൽ നേർവഴി 2021-22 പദ്ധതിയുടെ ഭാഗമായി ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുള്ള ജുഡീഷ്യൽ ഓഫീസർമാർക്ക് ഒരു ദിവസത്തെ **അവയർനസ് പ്രോഗ്രാം** സംഘടിപ്പിക്കുന്നതിന് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രോബേഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തിയും ആയതിലേക്ക് ഒരു ജില്ലയ്ക്ക് 50,000/- രൂപ വീതം ( 14 ജില്ലയ്ക്ക് ആകെ 7 ലക്ഷം രൂപ) പ്രൊബേഷൻ ഓഫീസർമാർക്ക് കൈമാറുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കു അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേക്കാവശ്യമായ തുക 7 ലക്ഷം രൂപ നടപ്പ് വർഷത്തെ 2235-02-106-93(P)

ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്. പ്രൊബേഷൻ ഓഫീസർമാർ അതതു ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയുമായി ബന്ധപ്പെട്ടു•പ്രസ്തുത അവെയർനെസ് പ്രോഗ്രാം സംഘടിപ്പിക്കേണ്ടതും ധനവിനിയോഗ സാക്ഷ്യപത്രം ,റിപ്പോർട്ട് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ് .

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്കും
പകർപ്പ് :

1. സൂപ്രണ്ട് ,എ സെക്ഷൻ
2. എല്ലാ ജില്ലാ സാ .നീ .ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

## നേർവഴി പദ്ധതിയെക്കുറിച്ച് സംസ്ഥാനത്തെ ജുഡീഷ്യൽ ഓഫീസർമാർക്കുള്ള അവെയർനെസ് പ്രോഗ്രാം

**ആമുഖം**

Probation Of Offenders Act 1958 ന്റെ ശാക്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള നേർവഴി പദ്ധതിയുടെ കീഴിൽ വകുപ്പ് മുഖേന നിരവധി പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കുന്നുണ്ടെങ്കിലും ഇപ്പോഴും പ്രസ്തുത നിയമം വേണ്ടത്ര ഉപയോഗിക്കപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ജുഡീഷ്യറിയുടെ ഭാഗത്തുനിന്നുള്ള സഹകരണവും പിന്തുണയോടും മാത്രമേ പ്രോബേഷൻ നിയമം സംസ്ഥാനത്ത് സമഗ്രമായി നടപ്പിലാക്കാനാകൂ. അതിന്റെ ഭാഗമായി നടപ്പുവർഷം സംസ്ഥാനത്തുള്ള ജുഡീഷ്യൽ ഓഫീസർമാർക്ക് DLSA യുടെ നേതൃത്വത്തിൽ അവെയർനസ് പ്രോഗ്രാം സംഘടിപ്പിക്കുന്നു.

**ഉദ്ദേശലക്ഷ്യങ്ങൾ**

1. PO Act 1958 സമഗ്രമായും ശക്തമായും നടപ്പിലാക്കുക .

2. PO Act 1958 ന്റെ പ്രയോജനം അർഹതപ്പെട്ടവർക്ക് ഉപയുക്തമാക്കുക.

3. കുറ്റകൃത്യത്തിൽപെട്ടവരെ വീണ്ടും കുറ്റവാളികൾ ആക്കുന്നത് തടയുന്നതിനായി പ്രൊബേഷൻ ഓഫീസർമാരുടെ കീഴിൽ നല്ലനടപ്പിന് വിധേയരാക്കുക.

4. പരമാവധി കുറ്റകൃത്യങ്ങൾ കുറഞ്ഞ ഒരു കേരളം സൃഷ്ടിക്കുക എന്ന വകുപ്പിന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിലേക്ക് ജുഡീഷ്യറിയുടെ സഹകരണവും പിന്തുണയും ഉറപ്പാക്കുക .

**പദ്ധതി നടപ്പാക്കൽ**

1. 2022 മാർച്ച് 20 ന് എല്ലാ ജില്ലകളിലും DLSA യുടെ നേതൃത്വത്തിൽ ജുഡീഷ്യൽ ഓഫീസർമാരെ പങ്കെടുപ്പിച്ച് One day/Half Day പ്രോഗ്രാം സംഘടിപ്പിക്കേണ്ടതാണ് . ആയതിലേക്ക് പങ്കെടുക്കേണ്ട ജുഡീഷ്യൽ ഓഫീസർമാരെ DLSA യും പ്രോബേഷൻ മേഖലയിലുള്ളവരെ ഡി പി ഒ മാർക്കും തിരഞ്ഞെടുക്കാവുന്നതാണ്.

2. ക്ലാസ് നയിക്കുന്നതിനുള്ള റിസോഴ്സ് പേഴ്സൺ/ ഫാക്കൽറ്റി യെ DLSA/DPO എന്നിവർ സംയുക്തമായി കണ്ടെത്തേണ്ടതാണ്.

3. പ്രോഗ്രാം നടത്തുന്നതിനുള്ള ഹാൾ ബുക്കിംഗ് , ബാനർ, PA സിസ്റ്റം ,സ്റ്റഡി മെറ്റീരിയൽസ്, ഭക്ഷണം,എന്നിവ പ്രൊബേഷൻ ഓഫീസർമാർ ക്രമീകരിക്കേണ്ടതാണ്

**ചുവടെ പറയുന്ന വിഷയങ്ങളിൽ ക്ലാസ് ക്രമീകരിക്കാവുന്നതാണ്.**

a)PO ആക്ട് 1958

b) പ്രോബേഷൻ നിയമം സംബന്ധിച്ച് ജസ്റ്റിസ് വി ആർ കൃഷ്ണയ്യരുടെയും വിവിധ കോടതികളുടെയും സുപ്രധാന വിധിന്യായങ്ങൾ – ചർച്ച

c) വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന നേർവഴി പദ്ധതിയും മറ്റു പദ്ധതികളും

**സാമ്പത്തിക അവലോകനം**

**ഒരു ജില്ലയ്ക്ക്**

| | |
|---|---|
| Hall Rent | 10000/- |
| PA System, LCD Projector | 10000/- |
| Food | 14000 |
| Banner (2 Nos) | 3000/- |
| Photo Documentation | 5000/- |
| Resource Person 3000*2= | 6000/- |
| Miscellaneous | 2000/- |
| **Total** | **50000/-** |

ഒരു ജില്ലയ്ക്ക് അനുവദിക്കുന്ന തുക =50,000/-രൂപ

14 ജില്ലകൾക്കു കൂടി അനുവദിക്കുന്ന തുക = 50,000*14 = 7,00,000/-രൂപ

വിവിധ കമ്പോണന്റുകളിലായി അനുവദിച്ചിരിക്കുന്ന തുക വളരെ അത്യാവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ആകെ ബഡ്ജറ്റ് തുക അധികരിക്കാത്ത വിധത്തിൽ ക്രമീകരിച്ച് വിനിയോഗിക്കാവുന്നതാണ്.

ഇതിലേക്കാവശ്യമായ തുക നടപ്പ് വർഷത്തെ 2235-02-106-93(P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.